# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 287 10.12.2012 -ൽ മറുപടിയ്ക്ക്

### ഫോൺകോളുകൾ ചോർത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സാജു പോൾ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഫോൺകോളുകൾ പോലീസ് ചോർത്തുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് ആഭ്യന്തര വകുപ്പിന് ലഭിച്ച പരാതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;<br><br>ബി) ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ നേതാക്കളിൽ നിന്നും പരാതി ലഭിക്കുകയുണ്ടായോ ; എങ്കിൽ പരാതിയിൽപ്പറയുന്ന സംഗതികൾ വിശദമാക്കാമോ ;<br><br>സി) പരാതികളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ഏത് ഏജൻസിയെക്കൊണ്ടാണ് അന്വേഷിപ്പിച്ചത് ; പരാതിക്കാരുടെ ഏതെല്ലാം ഫോണുകൾ ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം പോലീസ് ഓഫീസർമാർ ചോർത്തുകയുണ്ടായി ; | (എ), (ബി) ആന്റ് (സി)<br><br>മൊബൈൽ ഫോണുകളിലൂടെയുള്ള സംഭാഷണങ്ങൾ ചോർത്തുന്നു എന്നാരോപിച്ച് സി. പി. ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ പി. ജയരാജൻ സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതി സംബന്ധിച്ച് അഡീഷണൽ ഡയറക്ടർ ജനറൽ (ക്രൈംസ്) അന്വേഷണം നടത്തിയതിൽ നിയമ വിരുദ്ധമായി പോലീസ് ഫോൺ ചോർത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ഡി) ഫോൺ ചോർത്തലിൽ സർക്കാർ അനുമതി നല്കിയിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ ആരുടെയെല്ലാം അപേക്ഷയിന്മേൽ ;<br><br>ഇ) സർക്കാർ അനുമതി ഇല്ലാതെ ഫോൺ ചോർത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആരുടെയെല്ലാം ഫോണുകൾ ആരെല്ലാം ചോർത്തുകയുണ്ടായി ; വിശദമാക്കുമോ ? | (ഡി) ആന്റ് (ഇ)<br><br>നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തികച്ചും അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രം ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ അനുമതി ഇല്ലാതെ ഫോൺ ചോർത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ